vernment of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം : കൈറ്റ്/2026/1562 (84) തീയതി : 08.07.2026

## സർക്കുലർ

വിഷയം :- കൈറ്റ് - ലിറ്റിൽ കൈറ്റ്സ് - 2026-29 ബാച്ച് പ്രിലിമിനറി ക്യാമ്പ് നടത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. സ.ഉ (സാധാ) നം.361/2018/പൊ.വി. തീയതി 20.01.2018.
2. ഈ ഓഫീസിലെ 21.05.2026-ലെ കൈറ്റ്/2026/1562(61) നമ്പർ സർക്കുലർ.

ലിറ്റിൽ കൈറ്റ്സ് 2026-29 ബാച്ചിലേക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പ് പൂർത്തിയായിട്ടുണ്ട്. സൂചന 2 പ്രകാരം പ്രസ്തുത ബാച്ചിന്റെ പ്രിലിമിനറി ക്യാമ്പുകൾ നടത്തുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുവടെ ചേർത്തിരിക്കുന്ന നിർദേശങ്ങൾ പാലിച്ച് ക്യാമ്പുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

1. ലിറ്റിൽ കൈറ്റ്സ് 2026-29 ബാച്ച് അനുവദിച്ചിട്ടുള്ള എല്ലാ യൂണിറ്റുകളിലും ക്യാമ്പ് 2026 ആഗസ്റ്റ് 10-നകം പൂർത്തീകരിക്കേണ്ടതാണ്.

2. ക്യാമ്പ് നടത്തുന്ന തീയതി സ്കൂൾ പ്രഥമാധ്യാപകരും കൈറ്റ് മെന്റർമാരും ചുമതലയുള്ള മാസ്റ്റർ ട്രെയിനറും കൂടിയാലോചിച്ച് തീരുമാനിക്കേണ്ടതാണ്.

3. പരിശീലന പ്രവർത്തനങ്ങൾക്ക് കൈറ്റ് തയ്യാറാക്കി നലകിയിട്ടുള്ള മൊഡ്യൂൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

4. ക്യാമ്പിന്റെ പ്രവർത്തനങ്ങൾക്ക് 5-8 കുട്ടികൾക്ക് ഒരു ആർഡിനോകിറ്റ് ആവശ്യമാണ്. ഇത് ആവശ്യമായ തോതിൽ ലഭ്യമല്ലാത്ത വിദ്യാലയങ്ങളിലേക്ക് മറ്റ് വിദ്യാലയങ്ങളിൽ നിന്ന് ചുമതലയുള്ള മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ ക്രമീകരിക്കേണ്ടതാണ്.

5. എല്ലാ പ്രിലിമിനറി ക്യാമ്പുകളും മാസ്റ്റർട്രെയിനർമാരുടെയും അതത് വിദ്യാലയങ്ങളിലെ കൈറ്റ് മെന്റർമാരുടെയും ചുമതലയിൽ നടത്തേണ്ടതാണ്. ഇതിനായി ഉപജില്ലാടിസ്ഥാനത്തിൽ കൈറ്റ് മെന്റർമാരുടെ ഓൺലൈൻ മീറ്റിംഗ് വിളിച്ചുചേർത്ത് മൊഡ്യൂൾ പരിചയപ്പെടുത്തേണ്ടതും ആവശ്യമായ പ്ലാനിംഗ് നടത്തേണ്ടതുമാണ്.

6. പ്രിലിമിനറി ക്യാമ്പിന്റെ ഉള്ളടക്കത്തിന്റെ ഭാഗമായി പുതിയ ബാച്ചിലെ അംഗങ്ങളുടെ രക്ഷിതാക്കളുടെ യോഗം ക്യാമ്പ് ദിവസം ഉച്ചക്ക് ശേഷം 2 മണി മുതൽ നടത്തേണ്ടതാണ്. രക്ഷാകർതൃയോഗത്തിൽ മൊഡ്യൂൾ പ്രകാരമുള്ള പ്രസന്റേഷൻ ഉപയോഗിച്ച് അവതരണം നടത്തേണ്ടതും ആവശ്യമായ സംശയനിവാരണം വരുത്തേണ്ടതുമാണ്.

7. പരിശീലനം ലഭിച്ച മാസ്റ്റർ ട്രെയിനർമാർക്ക് അവർ പങ്കെടുക്കേണ്ട ക്യാമ്പിനെ സംബന്ധിച്ച ഷെഡ്യൂൾ മുൻകൂട്ടി ജില്ലാതലത്തിൽ തയ്യാറാക്കി നൽകേണ്ടതാണ്.

8. ക്യാമ്പ് പ്രവർത്തനങ്ങൾക്കാവശ്യമായ സ്റ്റേഷനറി വാങ്ങുന്നതിനാവശ്യമായ തുക ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

9. ജില്ലാതല പ്ലാനിംഗും ഷെഡ്യൂളും ജൂൺ 13-നകം അനുബന്ധം 1 ആയി ചേർത്തിരിക്കുന്ന ഫോർമാറ്റിലും പ്രിലിമിനറി ക്യാമ്പിൽ പങ്കെടുത്ത ആർ.പി. മാരുടെ വിശദാംശം ക്യാമ്പ് പൂർത്തിയാകുന്ന മുറയ്ക്ക് അനുബന്ധം 2 ഫോർമാറ്റിലും സ്റ്റേറ്റ് ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

എല്ലാ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്കും – ജില്ലാ കോർഡിനേറ്റർ മുഖാന്തിരം
എല്ലാ മാസ്റ്റർ ട്രെയിനർ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും
അക്കാഡമിക് വിഭാഗം/അക്കൗണ്ട്സ് വിഭാഗം
സ്റ്റോക്ക് ഫയൽ

അനുബന്ധം 1

**ലിറ്റിൽ കൈറ്റ്സ് – പ്രിലിമിനറി ക്യാമ്പ്**
**2026 - 29**
**റിസോഴ്സ് പേഴ്സൺമാരുടെ പങ്കാളിത്തം**

| ക്രമനമ്പർ | റിസോഴ്സ് പേഴ്സൺ/ കൈറ്റ് മെന്റർ | ക്യാമ്പിൽ പങ്കെടുത്ത ദിവസങ്ങൾ | | | | | | | | | | | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 08/09/25 | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |

അനുബന്ധം 2

ലിറ്റിൽ കൈറ്റ്സ് – പ്രിലിമിനറി ക്യാമ്പ്
2026 - 29
**ജില്ലാ തല ഷെഡ്യൂൾ**

| ക്രമനമ്പർ | തീയതി | യൂണിറ്റ് | ഉപജില്ല | റിസോഴ്സ് പേഴ്സൺ | കൈറ്റ് മെന്റർ |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |